## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 46** **11.06.2013-ൽ മറുപടിയ്ക്ക്**

# കേന്ദ്രത്തിൽ നിന്നും അധിക വൈദ്യുതി ലഭ്യത

ചോദ്യം

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. അജിത് :

ശ്രീ. കെ. രാജു :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) കേരളം അധിക വൈദ്യുതിക്കായി കേന്ദ്രത്തോട് ആവശ്യമുന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ; ഈ ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെൻറിൻെറ പ്രതികരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(എ) ഉണ്ട്.

കിഴക്കൻ മേഖലയിൽ നിന്നും 200 MW വൈദ്യുതി അനുവദിച്ചു തരുവാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, കേന്ദ്ര വൈദ്യുതി വകുപ്പ് മന്ത്രിയോട് 01-03-2013-ൽ ആവശ്യപ്പെട്ടിരുന്നു.

കൂടാതെ ദാമോദർവാലി കോർപ്പറേഷനിൽ നിന്നും 250 MW വൈദ്യുതി അനുവദിച്ചു തരുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് 08-04-2013-ൽ കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരുന്നു.

ഇതിനു പുറമേ ഛത്തീസ്ഗഢ്... ഛരജ്ജർ പവർ സ്റ്റേഷനിൽ നിന്നും 362.64 MW വൈദ്യുതി അനുവദിച്ചു തരുന്നതിനു വേണ്ടി 18-03-2013-ൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്റ്റേഷനിൽ നിന്നും 31-05-2013 വരെ ലഭിച്ചു കൊണ്ടിരുന്ന 50 MW വൈദ്യുതി, 31-05-2014 വരെ ലഭ്യമാക്കുവാൻ 22-05-2013-ൽ കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരുന്നു.

കിഴക്കൻ മേഖലയിൽ നിന്നും ആവശ്യപ്പെട്ട വൈദ്യുതി ലഭിച്ചിട്ടില്ല. എന്നാൽ ഛരജ്ജർ സ്റ്റേഷനിൽ നിന്നും 26-04-2013 മുതൽ 40 MW അധിക വൈദ്യുതി ലഭിച്ചതുൾപ്പെടെ നിലവിൽ 90 MW വൈദ്യുതി 31-05-2014 വരെ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) അധിക വൈദ്യുതി ആവശ്യമുന്നയിച്ചതിന് കേന്ദ്ര ഗവൺമെൻറിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മറുപടി ലഭ്യമാക്കുമോ ;

(ബി) ഉണ്ട്. 200 MW വൈദ്യുതി ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും കത്ത് അയച്ചിരുന്നു. കത്തിന് മറുപടിയായി അധിക വൈദ്യുതി അനുവദിക്കുവാൻ സാധിക്കുകയില്ല എന്ന് ബഹുമാനപ്പെട്ട കേന്ദ്ര വൈദ്യുതി വകുപ്പ് മന്ത്രി സംസ്ഥാന വൈദ്യുതി മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും ആവശ്യപ്പെട്ടിരുന്ന 250 MW വൈദ്യുതിയുടെ മറുപടി പ്രതീക്ഷിക്കുന്നു.

ഝജ്ജർ സ്റ്റേഷനിൽ നിന്നും ആവശ്യപ്പെട്ടിരുന്ന വൈദ്യുതി പൂർണ്ണമായും അനുവദിച്ചിട്ടില്ല.

പകരം 90 MW RTC വൈദ്യുതി 31-05-2014 വരെ കേരളത്തിന് അനുവദിച്ചിട്ടുണ്ട്.

(സി) കിഴക്കൻ മേഖലയിലെ എൻ. ടി. പി. സി നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങാൻ അനുവദിക്കണമെന്ന കേരളത്തിൻെറ ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

(സി) ഇല്ല. കിഴക്കൻ മേഖലയിലെ എൻ. ടി. പി. സി നിലയ ങ്ങളിൽ നിന്ന് 85% ഗാഡ്ഗിൽ ഫോർമുല പ്രകാരം വിവിധ സംസ്ഥാനങ്ങൾക്ക് അനുവദിച്ച വൈദ്യുതിയും, ഉത്പാദനത്തിൻെറ 15 ശതമാനം കേന്ദ്ര പൂളിലേക്ക് സമാഹരിക്കുന്നതും എന്ന് രണ്ട് തരത്തിലുള്ള വൈദ്യുതി അല്ലാതെ നേരിട്ട് വാങ്ങാൻ വൈദ്യുതി ലഭ്യമല്ല. കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി കൂടുതൽ ലഭ്യമാക്കണമെന്ന ആവശ്യം മറ്റു തെക്കൻ സംസ്ഥാനങ്ങളേക്കാൾ, കേരള സംസ്ഥാനത്തിൽ വൈദ്യുതി കമ്മി കുറവാണെന്ന കാരണത്താലാണ് അനുവദിക്കാതിരുന്നത് എന്ന് കേന്ദ്ര ഊർജ്ജ വകുപ്പു മന്ത്രിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.